# ഫെബ്രുവരി 2

# ലോക തണ്ണീർത്തട ദിനം

സുഹൃത്തെ,

ചാഴൂർ ഗ്രാമപഞ്ചായത്ത്, കേരള കാർഷിക സർവ്വകലാശാല, (കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമി, പരിസ്ഥിതി സാമ്പത്തിക ശാസ്ത്ര കേന്ദ്രം), കൃഷി വകുപ്പ് (ആത്മ) എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ ലോക തണ്ണീർത്തട ദിനം 2017 ഫെബ്രുവരി 2ന് പുള്ള് ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് താഴെ ചേർത്തിരിക്കുന്ന പരിപാടികളോടെ സമുചിതമായി ആചരിക്കുന്നു.

**ഉദ്ഘാടനം (10:00 a.m)**

| | | |
|---|---|---|
| സ്വാഗതം | : | **ഡോ. പി. ഇന്ദിരാദേവി,**<br>പ്രൊഫസർ & സ്പെഷ്യൽ ഓഫീസർ, കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമി, കെ.എ.യു |
| അദ്ധ്യക്ഷ പ്രസംഗം | : | **ശ്രീമതി. ഗീതാ ഗോപി,**<br>എം.എൽ.എ, നാട്ടിക നിയോജക മണ്ഡലം |
| ആമുഖ പ്രസംഗം | : | **പ്രൊഫ. (ഡോ.) പി. രാജേന്ദ്രൻ,**<br>ബഹു: വൈസ് ചാൻസിലർ, കെ.എ.യു |
| ഉദ്ഘാടനം | : | **അഡ്വ. വി. എസ്. സുനിൽകുമാർ,**<br>ബഹു. കൃഷി - കർഷകക്ഷേമ വകുപ്പ് മന്ത്രി |
| മുഖ്യ പ്രഭാഷണം | : | **ശ്രീമതി. ഷീല വിജയകുമാർ,**<br>പ്രസിഡന്റ്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |

**ആശംസകൾ**

**ശ്രീമതി. പി. സി. ശ്രീദേവി,** പ്രസിഡന്റ്, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്
**ശ്രീമതി. സുജാത അരവിന്ദാക്ഷൻ,** പ്രസിഡന്റ്, ചാഴൂർ ഗ്രാമപഞ്ചായത്ത്
**ശ്രീ. പി. വി സിജുലാൽ,** മെമ്പർ, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്
**ശ്രീ. വി. ആർ. ബിജു,** വൈസ് പ്രസിഡന്റ്, ചാഴൂർ ഗ്രാമപഞ്ചായത്ത്
**ശ്രീ. കെ. പരമേശ്വരൻ നായർ,** നാലാം വാർഡ് മെമ്പർ, ചാഴൂർ ഗ്രാമപഞ്ചായത്ത്
**ഡോ. എസ്. ലീനാകുമാരി,** രജിസ്ട്രാർ, കെ.എ.യു
**ഡോ. എസ്. എസ്റ്റലീറ്റ,** ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കെ.എ.യു
**ശ്രീ. കെ. കെ. സുബ്രഹ്മണ്യൻ,** പ്രസിഡന്റ്, ആലപ്പാട് - പുള്ള് സർവ്വീസ് സഹകരണ ബാങ്ക്
**ശ്രീ. വി. ആർ. നരേന്ദ്രൻ,** അസിസ്റ്റന്റ് ഡയറക്ടർ, കൃഷിവകുപ്പ്, അന്തിക്കാട്
**ശ്രീ. കെ. കെ. രാജേന്ദ്രബാബു,** ജില്ലാ കോൾ കർഷക സംഘം വൈസ് പ്രസിഡന്റ്
**ശ്രീമതി. മിനി ജോസഫ്,** കൃഷി ഓഫീസർ, ചാഴൂർ

**നന്ദി**

**ശ്രീ. വി. എസ്. റോയ്,** പ്രോജക്ട് ഡയറക്ടർ, ആത്മ, കൃഷിവകുപ്പ്, തൃശ്ശൂർ

മറുപുറം

ATMA Kerala
Agriculture Technology Management Agency
Government of Kerala

സെമിനാർ (11:00 a.m)

വിഷയം : തണ്ണീർത്തടങ്ങൾ: ഭൂമിയുടെ വൃക്കകൾ
(**ഡോ. വി. എസ്. വിജയൻ**, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻ ചെയർമാൻ)

വിഷയം : കോൾ നിലങ്ങളുടെ ശോഷണവും ജലദൗർലഭ്യവും: സാമൂഹിക പ്രത്യാഘാതങ്ങൾ
(**ഡോ. പി. ഇന്ദിരാ ദേവി**, സ്പെഷ്യൽ ഓഫീസർ, എ.സി.സി.ഇ.ആർ. കെ.എ.യു)

1:00 p.m to 2:00 p.m (ഉച്ച ഭക്ഷണം)

2:00 p.m to 2:45 p.m : കർഷക - ശാസ്ത്രജ്ഞ സംവാദം (കൃഷിയും പരിസ്ഥിതിയും)
2:45 p.m to 4:00 p.m : കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമിയിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ (ജല സാക്ഷരതാ സന്ദേശം)
4:00 p.m : സമാപനം

ലോകത്തിലെ വിവിധ ആവാസവ്യവസ്ഥകളിൽ ഏറ്റവുമധികം ഭീക്ഷണി നേരിടുന്ന ഒന്നാണ് തണ്ണീർത്തടങ്ങൾ. 1971 ഫെബ്രുവരി 2 നാണ് ലോക തണ്ണീർത്തടങ്ങളുടെ നിലനിൽപ്പും സംരക്ഷണവും സംബന്ധിച്ച 'റംസാർ ഉടമ്പടി' ഒപ്പുവെച്ച് അംഗീകരിച്ചത്. തുടർന്ന് 1997 മുതൽ ഫെബ്രുവരി 2ന് 'ലോക തണ്ണീർത്തട ദിന' മായി ആചരിച്ചുവരുന്നു. തണ്ണീർത്തടങ്ങൾ നൽകുന്ന അമൂല്യസേവനങ്ങൾ കണക്കിലെടുത്ത് ഇവയുടെ നിലനിൽപ്പും, സംരക്ഷണവും ഉറപ്പുവരുത്തേണ്ട ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കാനുതകുന്ന പ്രമേയങ്ങൾ എല്ലാവർഷവും തണ്ണീർത്തട ദിനാചരണത്തോടനുബന്ധിച്ച് റംസാർ കൺവെൻഷൻ കാര്യനിർവഹണ വിഭാഗം അവതരിപ്പിക്കാറുണ്ട്.

2017 ലെ തണ്ണീർത്തട ദിനാചരണത്തിന്റെ പ്രമേയം 'പ്രകൃതിക്ഷോഭ ദുരന്ത ലഘൂകരണത്തിന് തണ്ണീർത്തടങ്ങൾ' എന്നതാണ്. പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള ദുരന്തങ്ങൾ വ്യാപകമായ ഈ കാലഘട്ടത്തിൽ ഏറെ കാലിക പ്രസക്തിയുള്ളതാണ് ഈ പ്രമേയം. വെള്ളപ്പൊക്കം, കടുത്ത വരൾച്ചാ വേളകൾ, അധികരിച്ചു വരുന്ന അന്തരീക്ഷ താപനില, ചുഴലി വാതങ്ങൾ തുടങ്ങിയ പ്രകൃതി വിക്ഷോഭങ്ങൾ മൂലമുള്ള ദുരന്തങ്ങളുടെ തീവ്രത ലഘൂകരിക്കുന്നതിൽ തണ്ണീർത്തടങ്ങൾ വഹിക്കുന്ന പങ്ക് നാം മനസ്സിലാക്കേണ്ടതുണ്ട്. മാത്രമല്ല, ഇത്തരം ദുരന്തങ്ങൾ മൂലം ആവാസ വ്യവസ്ഥകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽ നിന്നും പുനരുജ്ജീവനം സാധ്യമാക്കുന്നതിൽ തണ്ണീർത്തടങ്ങൾക്കുള്ള സുപ്രധാന പങ്ക് എന്താണെന്ന് ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

പ്രകൃതിക്ഷോഭങ്ങളുടെ ആവൃത്തിയും തീവ്രതയും വർദ്ധിച്ചു വരുന്നു എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിർഭാഗ്യവശാൽ തണ്ണീർത്തടങ്ങളെ വെറും പാഴ് ഭൂമികളായിട്ടാണ് നാം കണക്കാക്കിവരുന്നത്. 1900 കളിൽ ലോകത്തുണ്ടായിരുന്ന തണ്ണീർത്തടങ്ങളുടെ 64 ശതമാനത്തിലേറെയും അപ്രത്യക്ഷമായിരിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പശ്ചാതലത്തിൽ നമ്മുടെ സംസ്ഥാനത്തെ അവശേഷിക്കുന്ന നീർത്തടങ്ങളുടെയെങ്കിലും സംരക്ഷണം നാം ഉറപ്പുവരുത്തേണ്ടതാണ്. വരും തലമുറയ്ക്കായി വാസയോഗ്യമായ ഭൂമിയായിത്തന്നെ ഇവിടം നമുക്ക് സംരക്ഷിക്കാം. നമുക്കോരോരുത്തർക്കും അതിനായി പ്രതിജ്ഞ ചെയ്യാം.

ATMA Kerala
Agriculture Technology Management Agency
Government of Kerala